## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - *570 25/10/2011 ൽ മറുപടിയ്ക്ക്

## സ്വന്തമായി കെട്ടിടമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള
" എൻ. ഷംസുദ്ദീൻ
" സി. മോയിൻകുട്ടി
" അബ്ദുറഹിമാൻ രണ്ടത്താണി

**മറുപടി**

ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തന നിലവാരം വിലയിരുത്തുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി പ്രസിഡന്റും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എക്സ് ഓഫിഷ്യോ സെക്രട്ടറിയുമായി 'പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷൻ സൊസൈറ്റി'യുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി കളക്ടർ ചെയർമാനും ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറും ഡി.ഡി.ഇ, ഡി.എം.ഒ, സീനിയർ സൂപ്രണ്ട്, എം.ആർ.എസ് സ്റ്റാഫ് പ്രതിനിധി എന്നിവർ അംഗങ്ങളായും ഉള്ള ഒരു കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. വർഷത്തിൽ 2 പ്രാവശ്യം ചേരുന്ന ടി കമ്മിറ്റിയും സംസ്ഥാന തലത്തിൽ ചേരുന്ന ഗവേണിംഗ് ബോഡിയും സ്കൂളുകളുടെ പ്രവർത്തന നിലവാരം വിലയിരുത്താറുണ്ട്. ഇത്തരത്തിൽ വിവിധ തലങ്ങളിലുള്ള കമ്മിറ്റികളുടെ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ശുപാർശകളും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സഹായിക്കുന്നുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഏറ്റവും ഒടുവിൽ വിലയിരുത്തിയതിന്റെ വിശദ വിവരം വെളിപ്പെടുത്തുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ഉപദേശക സമിതിയുടെയും വിലയിരുത്തലും, പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള സ്കൂളുകളുടെ പ്രവർത്തന നിലവാരം സംബന്ധിച്ച് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) 2010 ൽ നടത്തിയ പഠന റിപ്പോർട്ടിലെ ശുപാർശകളുടെ സംക്ഷിപ്തവും അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്വന്തമായി കെട്ടിടമില്ലാത്ത എത്ര എം.ആർ. എസുകൾ നിലവിലുണ്ട്; അവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 3 സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടമില്ല. കോഴിക്കോട് ഉള്ള്യേരി എം.ആർ. എസ്സിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കോഴിക്കോട് മരുതോങ്കരയിൽ ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ 10 ഏക്കർ സ്ഥലം വകുപ്പിന് വിട്ടുകിട്ടുന്നതിലേയ്ക്കായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കുഴൽമന്ദം, പെരിങ്ങോട്ടു കുറിശ്ശി എം.ആർ.എസ്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ചേലക്കര എം.ആർ.എസ് കെട്ടിട നിർമ്മാണത്തിനായി തിരുവില്വാമല ഗ്രാമപഞ്ചായത്തിൽ 7 ഏക്കർ റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിനായി പഞ്ചായത്ത് ഡയറക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 13 എണ്ണത്തിനും സ്വന്തമായി കെട്ടിടങ്ങളുണ്ട്. മൂന്നു സ്കൂളുകളുടെ കെട്ടിട നിർമ്മാണം പൂർത്തിയായിവരുന്നു. തിരുനെല്ലി, പൂക്കോട് എന്നീ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എം.ആർ.എസുകളിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ്; അനുവദനീയമായ എണ്ണം വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കുട്ടികൾ കുറയാനുണ്ടായ കാരണം വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനതലത്തിൽ അപേക്ഷ ക്ഷണിച്ച് പ്രത്യേക പ്രവേശന പരീക്ഷ നടത്തിയാണ് അഞ്ച്, ആറ് ക്ലാസുകളിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു. ചില സ്ഥാപനങ്ങളിൽ അനുവദനീയമായ എണ്ണം കുട്ടികൾ ലഭ്യമാകാത്ത അവസ്ഥയുണ്ട്. അർഹരായ അപേക്ഷകരുടെ കുറവ് മൂലമാണ് വിദ്യാർത്ഥികളെ പൂർണ്ണമായും പ്രവേശിപ്പിക്കുവാൻ കഴിയാത്തത്. അത്തരം സ്ഥാപനങ്ങളിലേക്ക് ഒഴിവുള്ള സീറ്റുകളിലേക്ക് വീണ്ടും അപേക്ഷകൾ ക്ഷണിച്ച് ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഇ) | പ്രസ്തുത സ്കൂളുകൾക്കായി പ്രതിവർഷം ചെലവിടുന്ന തുകയെത്രയെന്ന് വ്യക്തമാക്കുമോ? | (ഇ) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കായി 2010-11 സാമ്പത്തിക വർഷം 4,56,19,302 രൂപയും, പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള 18 സ്കൂളുകൾക്കായി 2010-11 ൽ 17,38,62,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പട്ടികജാതി വികസന വകുപ്പിൻ കീഴിലെ സ്കൂളുകളെ സംബന്ധിച്ച വിവരം

1. ആലപ്പുഴ, പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്കൂൾ (എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന തീയതി: 09.08.11 ഉപദേശക സമിതി ചേർന്ന തീയതി: 07.07.11)

കുട്ടികളുടെ മാനസികവും, ബുദ്ധിപരവുമായ വളർച്ചയ്ക്ക് ആവശ്യമായ ഘടകങ്ങളെപ്പറ്റി ജീവനക്കാരും, അദ്ധ്യാപകരും ബോധവാൻമാരായി അപ്രകാരം കുട്ടികളോട് പെരുമാറണമെന്നും, കലാസാഹിത്യ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനും, തയ്യൽ തുടങ്ങിയ മേഖലകളിൽ പഠനത്തോടൊപ്പം തൊഴിൽ പരിശീലനത്തിന് വേണ്ടതായ സാദ്ധ്യതകൾ ആരായണമെന്നും യോഗം വിലയിരുത്തി.

2. കീഴ്മാട്, എറണാകുളം മോഡൽ റസിഡൻഷ്യൽ സ്കൂൾ (എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന തീയതി: 02.08.11)

സ്പോർട്സ് മേഖലയിൽ കുട്ടികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകണമെന്നും, കാർഷിക മേഖലയിൽ കൂടി കുട്ടികൾക്ക് അഭിരുചി വളർത്തുന്നതിന് ആവശ്യമായ മേഖലകളിൽ പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുവാൻ യോഗത്തിൽ തീരുമാനമുണ്ടായി.

3. കോഴിക്കോട്, ഉള്ള്യേരി മോഡൽ റസിഡൻഷ്യൽ സ്കൂൾ (എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന തീയതി: 09.06.11)

കുട്ടികളുടെ പഠന പുരോഗതി സ്ഥാപനത്തിന്റെ പ്രവർത്തനം മുതലായവ വിലയിരുത്തി.

4. പാലക്കാട്, തൃത്താല മോഡൽ റസിഡൻഷ്യൽ സ്കൂൾ (എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന തീയതി: 30.09.11 ഉപദേശക സമിതി ചേർന്ന തീയതി: 03.06.11)

കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് യോഗം തീരുമാനിച്ചു. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും, ഒരു ബാന്റ് ട്രൂപ്പ് രൂപീകരിക്കുന്നതിനും യോഗത്തിൽ അഭിപ്രായപ്പെട്ടു.

5. കാസർഗോഡ്, നടക്കാവ് മോഡൽ റസിഡൻഷ്യൽ സ്കൂൾ (എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന തീയതി: 13.10.11 ഉപദേശക സമിതി ചേർന്ന തീയതി: 12.09.11)

ഹോസ്റ്റലിൽ മലിനജല പ്രശ്നം രൂക്ഷമാണെന്ന് യോഗം വിലയിരുത്തി. കളിസ്ഥലം നിർമ്മിക്കുന്നതിനും, ചുറ്റുമതിൽ സ്ഥാപിക്കുന്നതിനും യോഗത്തിൽ നിർദ്ദേശം ഉണ്ടായി. കൂടാതെ കുട്ടികളുടെ പഠന നിലവാരവും വിലയിരുത്തി.

6. ഇടുക്കി, പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂൾ (എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന തീയതി: 16.07.11 ഉപദേശക സമിതി ചേർന്ന തീയതി: 14.10.11)

രൂക്ഷമായ ശുദ്ധജല പ്രശ്നം പരിഹരിക്കുന്നതിന്റെ വിവിധ മാർഗ്ഗങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. ഹോസ്റ്റലിന്റെ അച്ചടക്കം, പഠന പുരോഗതി മുതലായ കാര്യങ്ങളും വിലയിരുത്തി.

7. തൃശ്ശൂർ, തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂൾ (എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന തീയതി: 11.06.11)

കുട്ടികളുടെ പഠന/അച്ചടക്ക പുരോഗതി സ്ഥാപനത്തിന്റെ പ്രവർത്തനം മുതലായവ വിലയിരുത്തി.

പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അദ്ധ്യയനനിലവാരം മെച്ചപ്പെടുത്തുന്നതിനു നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.**

1) സ്ക്കൂളിൽ പ്രവേശനം നേടുന്ന 5,6 ക്ളാസ്സുകളിലെ വിദ്യാർത്ഥികളുടെ ആർജ്ജിതശേഷിയും, നൈപുണിയും പ്രവേശന സമയത്തു തന്നെ വിലയിരുത്തി ഡോക്യുമെന്റ് ചെയ്യണം.

2) മിനിമം നൈപുണികൾ അവർ കരസ്ഥമാക്കുന്നതിനു എഴുത്തിന് പ്രാധാന്യം നൽകി അനുയോജ്യമായ പ്രവർത്തനം നടത്തണം.

3) 5-10 ക്ളാസ്സു വരെയും എല്ലാ വിഷയത്തിലും പുതിയ അദ്ധ്യായം തുടങ്ങുന്ന അവസരത്തിൽ കഴിഞ്ഞ അദ്ധ്യായം വരെ കുട്ടികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ അറിഞ്ഞിട്ടുണ്ടോ എന്നും വിലയിരുത്തപ്പെട ണം.

4)വിദ്യാർത്ഥികളിൽ അഭിപ്രായ പ്രേരണ (Motivation) ഉണ്ടാക്കുന്നതിന് ബ്ളോക്ക് റിസോഴ്സ് സെന്റർ മുഖേന അദ്ധ്യാപകർക്കു കൗൺസ ലിംഗ് ക്ളാസ്സ് സംഘടിപ്പിക്കണം

5)വിദ്യാർത്ഥിയുടെ പോരായ്മ കണ്ടെത്തി മെച്ചപ്പെടുത്തുന്നതിന് സ്ക്കൂൾ പ്ളാൻ തയ്യാറാക്കുന്ന അവസരത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം.

6)ഓരോ ക്ളാസ്സും കൈകാര്യം ചെയ്യുന്നതിന് മതിയായ ലേണിംഗ് മെറ്റീരിയൽ ഉപയോഗിക്കണം.

7)വിദ്യാർത്ഥികൾക്ക് എക്സ്പോസർ കിട്ടുന്നതിനും ലോകം കണ്ടുള്ള അനുഭവങ്ങൾ സിദ്ധിക്കുന്നതിനും അവസരമൊരുക്കുന്ന ചെറിയ ചെറിയ ഔട്ടിംഗ് സംഘടിപ്പിക്കണം. ഔട്ടിംഗ് നടത്തുന്നതിനു മുമ്പ് അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ കുട്ടിയെ ബോധ്യപ്പെടുത്തണം.

8)രക്ഷിതാക്കളും സ്ക്കൂളുമായുള്ള ബന്ധം ദൃഢപ്പെടുത്തണം . തങ്ങളുടെ മക്കളുടെ പഠനത്തെ സംബന്ധിച്ചു രക്ഷിതാക്കളുമായി ചർച്ച ചെയ്യണം. മാതൃ സംഗമവും ക്ളാസ് PTA-യും നടത്തണം.

9)എസ്.എസ്.എൽ.സി /പ്ളസ് ടു കഴിഞ്ഞ പൊതുധാരയുമായി ഇഴുകി ചേർന്നു തുടർ പഠനം നടത്താനാകുംവിധം വിദ്യാർത്ഥികളെ പ്രാപ്ത മാക്കണം.

10)പൂർവ്വ വിദ്യാർത്ഥികളുടെ പൂർണ്ണ വിവരം ശേഖരിക്കുകയും അവരിലെ അഭ്യുദയകാംക്ഷികളെ സ്ക്കൂളിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനു സഹകരിപ്പിക്കുകയും വേണം.

11) വിദ്യാർത്ഥികളുടെ നല്ല പ്രവർത്തനങ്ങളെ അപ്പോൾ അഭിനന്ദിക്കുകയും പ്രോൽസാഹിപ്പിക്കുകയും വേണം . വിലയിരുത്തലുകൾ നടത്തി പോരായ്മ തിരിച്ചറിഞ്ഞു സ്ഥിതി മെച്ചപ്പെടുത്തുന്നതിന് വ്യക്തിഗത കൗൺസലിംഗ് നടത്തണം.

12) സ്ക്കൂൾ തുറക്കുന്ന അവസരത്തിൽ എല്ലാവർക്കും ഹെൽത്ത് ചെക്ക് നടത്തണം . വിര ഇളക്കുന്നതിനു നടപടി സ്വീകരിക്കണം . തുടർന്ന് എല്ലാമാസവും ആരോഗ്യ പരിശോധന നടത്തി പരിഹാര നടപടി സ്വീകരിക്കണം. ആരോഗ്യമുള്ള വിദ്യാർത്ഥിയാണ് മികവുറ്റ വിദ്യാർത്ഥി എന്നും തിരിച്ചറിവുണ്ടാകണം.

13) സ്ക്കൂളിനു പുറത്തുള്ള വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വരെയും അവരുടെ മുതിർന്ന തലമുറയിൽപ്പെട്ടവരെ പങ്കെടുപ്പിച്ചു ജീവിതത്തിനു ലക്ഷ്യബോധം ഉണ്ടാകുന്നതിനു ഗുണാത്മകമായ ചിന്തയ്ക്കും പ്രവൃത്തിക്കും വഴിയൊരുക്കുന്നതിനും ശ്രമിക്കണം.

14) ഹോസ്റ്റലിൽ കൃത്യമായ ടൈംടേബിൾ പാലിക്കുന്നുവെന്നു ഉറപ്പു വരുത്തണം. മുതിർന്ന വിദ്യാർത്ഥികൾ താഴ്ന്ന ക്ളാസ്സിലെ വിദ്യാർത്ഥികൾക്ക് ശിക്ഷണം നൽകുന്നതിനു ഗ്രൂപ്പടിസ്ഥാനത്തിൽ ക്രമീകരണം ചെയ്യണം . Peer Group Learning പരമപ്രധാനമായ കാര്യമാണ്.

15) ക്ളാസ്സുകളിൽ വിദ്യാർത്ഥികൾക്കു കൂടുതൽ ഇടപ്പെടുന്നതിനും സംസാരിക്കുന്നതിനും അവസരം നൽകണം.

16) വിദ്യാർത്ഥികളുടെ നോട്ടുബുക്കു അതതു വിഷയം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ റഗുലർ ആയി പരിശോധിക്കുകയും തെറ്റു കൾ തിരുത്തി നൽകുകയും വേണം.

17) ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ രണ്ടാഴ്ചയിലൊരിക്കൽ സ്റ്റാഫ് മീറ്റിംഗ് നടത്തി പോയ ദ്വൈവാരത്തിലെ പ്രവർത്തനങ്ങൾ , ഓരോ വിഷയത്തിലെയും ഓരോ കുട്ടിയുടെയും പെർഫോ മൻസ് വിലയിരുത്തി താരതമ്യം ചെയ്യുകയും അടുത്ത ദ്വൈവാരത്തിലെ പ്രവർത്തനം ആസൂത്രണം ചെയ്യുകയും വേണം . ഏതെങ്കിലും ഒരു കുട്ടി ഏതെങ്കിലും വിഷയത്തിൽ പിന്നോക്കമാണ് എങ്കിൽ അതിൽ മുന്നേറുന്നതിന് ഗൈഡൻസ് നൽകണം. പ്രഥമാദ്ധ്യാപകന്റെ ഫലപ്രദമായ ഇടപെടലും മാനേജ്മെന്റു മൂലം അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും അഭിലഷണീയമായ പ്രവർത്തന വ്യതിയാനം വരുത്തി മികവിന്റെ കേന്ദ്രങ്ങളായി സ്ഥാപനങ്ങളെ മാറ്റാനാകുമെന്നാണ് വിവിധ പഠനങ്ങളും അനുഭവങ്ങളും പഠിപ്പിക്കുന്നത് അതിനാൽ പ്രഥമാദ്ധ്യാപകർക്ക് ഫലപ്രദമായി ഉണർന്ന് , ഉയർന്നു പ്രവർത്തിക്കാനാകണം. ആ പ്രവർത്തനത്തിനാവശ്യമായ ഉൾക്കരുത്ത് അനദ്ധ്യാപകർ സദാ നൽകണം. അദ്ധ്യാപകർക്കും നല്ല രീതിയിൽ കൗൺസലിംഗ് നടത്തണം . [illegible] മെച്ചപ്പെട്ട പ്രവർത്തനം പദ്ധതി പഠന പഠനാനുബന്ധ പ്രവർത്തനങ്ങൾക്കും ക്രമമായി ആസൂത്രണം ചെയ്യണം.